# സ്കോൾ-കേരള

(സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ്
ലൈഫ്ലോങ് എഡ്യൂക്കേഷൻ – കേരള)

ഹയർസെക്കന്ററി

## അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സ്

# കൈപ്പുസ്തകം

**2025**

# ആമുഖം

പൊതു വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ആജീവനാന്ത വിദ്യാഭ്യാസ സ്ഥാപനമാണ് സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ്‌ലോങ് എജ്യൂക്കേഷൻ-കേരള (സ്കോൾ-കേരള) ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയാണ് സ്കോൾ-കേരളയുടെ ചെയർമാൻ. ആജീവനാന്ത വിദ്യാഭ്യാസ മേഖലയിൽ വിവിധങ്ങളായ കോഴ്സുകൾക്ക് സ്കോൾ-കേരള രൂപം നൽകി വരുകയാണ്.

01.03.2025-ലെ സ. ഉ(സാധാ) നം.1708/2025/പൊവിവ, 29.09.2025 ലെ സ.ഉ (സാധാ) നം. 7680/2025/പൊ.വി.വ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കേരള സംസ്ഥാന ഹയർസെക്കന്ററി ബോർഡിനു കീഴിൽ ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി സ്കോൾ-കേരള മുഖേന അഡീഷണലായി മാത്തമാറ്റിക്സ് വിഷയം മാത്രം രജിസ്റ്റർ ചെയ്ത് രണ്ട് വർഷം പഠിച്ച് പരീക്ഷ എഴുതുന്നതിനുള്ള അവസരം ഒരുക്കുന്നതിനുള്ള അനുമതി സ്കോൾ-കേരളയ്ക്ക് ലഭ്യമായിട്ടുണ്ട്.

ഇക്കണോമിക്സ് ഒരു വിഷയമായി പഠിക്കുന്ന കൊമേഴ്സ് ഗ്രൂപ്പിലെയും ഹ്യുമാനിറ്റീസ് ഗ്രൂപ്പിലെയും റഗുലർ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് നിലവിലുള്ള കോഴ്സിലെ പഠനത്തിനുപുറമെ അധികമായി അഡീഷണൽ മാത്തമാറ്റിക്സ് പഠിക്കാനുള്ള അവസരം ഒരുക്കുന്നത് കുട്ടികൾക്ക് ഏറെ ഗുണം ചെയ്യും. ഇതിലൂടെ ഈ കുട്ടികൾക്ക് ഗുണപരമായ തുടർപഠനം ഉറപ്പാക്കാനും തൊഴിലധിഷ്ഠിതമായി ഒട്ടേറെ കോഴ്സുകളിൽ ബിരുദ തലത്തിൽ ചേർന്നു പഠിക്കുന്നതിന് അവസരം ലഭ്യമാകുകയും ചെയ്യും.

മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിക്കാൻ അവസരമില്ലാത്ത ഹയർസെക്കന്ററി റഗുലർ വിദ്യാർത്ഥികൾക്ക് അഡീഷണലായി മാത്തമാറ്റിക്സ് പഠിക്കാനായി സ്കോൾ-കേരള അവസരമൊരുക്കു കയാണ്. ഹയർസെക്കന്ററി പഠനത്തോടൊപ്പം അഡീഷണലായി മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിച്ചുകൊണ്ട് ഹയർസെക്കന്ററി കുട്ടികളുടെ ഗണിതപരമായ കഴിവുകളും ചിന്താശേഷികളും വർദ്ധിപ്പിക്കാനുള്ള പദ്ധതിയാണിത്. ഈ കോഴ്സ് സംബന്ധിച്ച് ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ഈ കൈ പുസ്തകം കോഴ്സിനെക്കുറിച്ച് കൂടുതൽ അറിവ് നൽകാൻ പഠിതാക്കൾക്ക് സഹായകരമായിരിക്കും എന്ന് പ്രത്യാശിക്കുന്നു.

**ഡോ. ജിനേഷ്കുമാർ എം.എം**
എക്സിക്യൂട്ടീവ് ഡയറക്ടർ
സ്കോൾ-കേരള

തിരുവനന്തപുരം
07.10.2025

**കോഴ്സിന്റെ പേര്** : ഹയർസെക്കണ്ടറി - അഡീഷണൽ മാത്തമാറ്റിക്സ്

**കോഴ്സിന്റെ അംഗീകാരം** : 01.03.2025-ലെ സർക്കാർ ഉത്തരവ് (സഉ(സാധ) നം.1708/2025/പൊവിവ) & 29.09.2025 ലെ സ.ഉ (സാധാ) നം. 7680/2025/പൊ.വി.വ എന്നീ ഉത്തരവുകൾ അനുസരിച്ച് (സർക്കാർ ഉത്തരവുകൾ അനുബന്ധം 1, 2 ആയി ഉൾപ്പെടുത്തുന്നു).

**പ്രവേശന യോഗ്യത** : കേരള സംസ്ഥാന ഹയർസെക്കണ്ടറി ബോർഡിനു കീഴിൽ റഗുലർ ഹയർസെക്കണ്ടറി സ്കൂളിൽ ഹ്യൂമാനിറ്റീസ്,കൊമേഴ്സ് ഗ്രൂപ്പിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകളിൽ ചുവടെ പറയുന്ന ഏതെങ്കിലും ഒരു സബ്ജക്ട് കോഡ് തെരഞ്ഞെടുത്ത് പഠിക്കുന്ന ഒന്നാം വർഷ വിദ്യാർഥികൾ.

**ഹ്യൂമാനിറ്റീസ് ഗ്രൂപ്പിൽ** ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള സബ്ജക്ട് കോഡ് - 10, 11, 12, 13, 14, 15, 16, 17, 18, 20, 21, 22, 23, 24, 25, 26, 27, 28, 30, 32, 33, 41, 42, 43, 45, 46

**കോമേഴ്സ് ഗ്രൂപ്പിൽ** ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള സബ്ജക്ട് കോഡ് - 37, 38, 39

**പഠന രീതി** : ഓഫ്ലൈൻ

**കാലാവധി** : 2 വർഷം

**കോഴ്സ് ഫീസ്** : 1500/- രൂപ

**ഫൈൻ** : 100/- രൂപ (നിർദ്ദിഷ്ട പിഴ കൂടാതെയുള്ള അവസാന തീയതിക്ക് ശേഷം നിശ്ചിത സമയ പരിധിവരെ 100/- രൂപ പിഴയോട് കൂടി ഫീസ് ഒടുക്കി രജിസ്റ്റർ ചെയ്യാൻ അവസരം ഉണ്ടാകും)

**സ്വയം പഠന സഹായി** : പാഠഭാഗങ്ങൾ വളരെ വേഗം ഗ്രഹിക്കാൻ സാധിക്കും വിധം ഹയർസെക്കന്ററി പാഠപുസ്തകത്തെ അടിസ്ഥാനമാക്കി സ്കോൾ-കേരള വികസിപ്പിച്ച സ്വയം പഠനസഹായികൾ പഠനകേന്ദ്രം മുഖേനയോ/തപാൽ മാർഗ്ഗമോ വിദ്യാർഥികൾക്ക് സൗജന്യമായി ലഭ്യമാക്കും.

**സിലബസ്** : കേരള സംസ്ഥാന ഹയർസെക്കണ്ടറി ബോർഡിനു കീഴിലെ കൊമേഴ്സ് ഗ്രൂപ്പ് - മാത്തമാറ്റിക്സ് വിഷയത്തിന്റേത്

**പരീക്ഷകേന്ദ്രം** : വിദ്യാർത്ഥി ഒന്നാം വർഷം പഠിക്കുന്ന ഹയർസെക്കണ്ടറി സ്കൂൾ, പ്രസ്തുത സ്കൂളിൽ ലാബ് സൗകര്യം ഇല്ലാതെ വന്നാൽ പരീക്ഷ ബോർഡ് സെക്രട്ടറി നിശ്ചയിക്കുന്ന കേന്ദ്രം

**പഠനകേന്ദ്രം** : സമ്പർക്ക ക്ലാസ്സുകളുടെ സംഘാടനത്തിനു മാത്രമായി വ്യവസ്ഥകൾക്ക് വിധമായി സ്കോൾ-കേരള നിശ്ചയിക്കുന്ന കേന്ദ്രം. വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളിൽ ലാബ് സൗകര്യം ഇല്ലാതെ വരികയോ ഒരു ബാച്ചിലേക്കുള്ള നിർദ്ദിഷ്ട എണ്ണം വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്യാതിരിക്കുകയോ ചെയ്യുന്ന പക്ഷം സ്കോൾ-കേരള ഓരോ ജില്ലയിലും തെരഞ്ഞെടുത്തിട്ടുള്ള കേന്ദ്രങ്ങളിലായിരിക്കും തിയറി, പ്രാക്ടിക്കൽ ക്ലാസ്സുകൾ സംഘടിപ്പിക്കുക. ടി പഠന കേന്ദ്രങ്ങളുടെ പട്ടിക അനുബന്ധം (3) ആയി ചേർക്കുന്നു.

**അപേക്ഷിക്കേണ്ട വിധം** :

പ്രവേശന വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ ശേഷം സ്കോൾ- കേരളയുടെ വെബ് സൈറ്റ് (www.scolekerala.org) മുഖാന്തിരം വിദ്യാർഥി കൾക്ക് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്.

## ഫീസൊടുക്കേണ്ട വിധം

കോഴ്സ് ഫീസായ 1500/- രൂപ ഒറ്റതവണയായി ഓൺലൈനായി അടയ്ക്കേണ്ടതാണ്.

ഓൺലൈൻ മുഖേന വിദ്യാർഥികൾ വ്യക്തിഗത വിവരങ്ങൾ എന്റർ ചെയ്തശേഷം പേയ്മെന്റ് മോഡിൽ ഓൺലൈൻ തെരഞ്ഞെടുത്ത് തുക ഒടുക്കാവുന്നതാണ്. ഡെബിറ്റ് കാർഡ് മുഖേനെ 6500/- രൂപ വരെയുള്ള ഫീസ് അടയ്ക്കുന്നതിനും യു.പി.ഐ. മുഖേ നെയുള്ള ഇടപാടുകൾക്കും സർവീസ് ചാർജ് നൽകേണ്ടതില്ല. മറ്റ് സർവീസ് ചാർജിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Item | Service charge |
|---|---|---|
| 1. | Debit Card Transactions upto Rs. 6500/- | Nil |
| 2. | Debit Card Transactions above Rs. 6500/- | 1.20% of Transaction amount+ GST |
| 3. | All bank Rupay Debit Card (All amount) | Nil |
| 4. | Credit Card (All amounts) | 1.20% of Transaction amount+ GST |
| 5. | UPI Transactions (All amounts) | Nil |
| 6. | Internet Banking<br>1. SBI (All amounts)<br>2. Other Banks (All amounts) | <br>Rs. 5 + GST<br>Rs. 7 + GST |

ഓൺലൈൻ ട്രാൻസാക്ഷൻ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിദ്യാർഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

## രജിസ്ട്രേഷൻ

നിർദ്ദിഷ്ടയോഗ്യതയുള്ള വിദ്യാർഥി ചുവടെ ചേർക്കുംപ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- ഒന്നാംവർഷ പ്രവേശന അറിയിപ്പ് പ്രസിദ്ധപ്പെടുത്തുന്ന മുറയ്ക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ www.scolekerala.org എന്ന വെബ്സൈറ്റിലെ അഡ്മിഷൻ സ്യൂട്ടിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്.
- വെബ്സൈറ്റിൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ അപേക്ഷയുടെ ഫീൽഡുകൾ ദൃശ്യമാകും.
- ആറുമാസത്തിൽ കൂടാതെയുള്ള സമയപരിധിക്കുള്ളിൽ എടുത്ത വിദ്യാർഥിയുടെ ഫോട്ടോ 25 കെ.ബി (200 × 200) സൈസിൽ സ്കാൻ ചെയ്ത് കമ്പ്യൂട്ടർ ഫോൾഡറിൽ സൂക്ഷിക്കുകയും അപേക്ഷാഫീൽഡിൽ ബ്രൗസ് ചെയ്ത ശേഷം അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.
- ഓൺലൈൻ അപേക്ഷയുടെ നിർദിഷ്ട പ്രിന്റ് ഓപ്ഷനിൽ നിന്നു മാത്രമേ പ്രിന്റ് എടുക്കാവൂ. അപേക്ഷയുടെ പ്രിന്റ്ഔട്ടിൽ വിദ്യാർഥിയും സ്കൂൾ പ്രിൻസിപ്പാളും ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.
- സ്കോൾ-കേരള അക്കൗണ്ടിൽ ഓൺലൈൻ മോഡിൽ നിശ്ചിത ഫീസ് ഒടുക്കിയ അസൽ ഓൺലൈൻ ഫീസ് രസീതും ഓൺലൈൻ രജിസ്റ്റർ ചെയ്ത്, ഡൗൺലോഡ് ചെയ്തെടുത്ത പ്രിന്റ്ഔട്ടും, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം അതത് സ്കൂൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപ്പെടുത്തൽ സഹിതമുള്ള അപേക്ഷ നിശ്ചിത തീയതിക്കുള്ളിൽ സ്കോൾ-കേരളയുടെ ബന്ധപ്പെട്ട ജില്ലാകേന്ദ്രത്തിൽ സമർപ്പിക്കണം.

**പ്രവേശനത്തിനുള്ള നിബന്ധനകൾ**

- നിലവിൽ വിദ്യാർത്ഥി പഠിക്കുന്ന ഹയർസെക്കണ്ടറി സ്കൂളായിരിക്കും പരീക്ഷകേന്ദ്രം. പ്രായോഗിക പരീക്ഷ നടത്തുന്നതിന് പ്രസ്തുത കേന്ദ്രത്തിൽ ലാബ് സൗകര്യം ഇല്ലാത്ത പക്ഷം പരീക്ഷ ബോർഡ് സെക്രട്ടറി നിശ്ചയിക്കുന്നതായിരിക്കും പരീക്ഷ കേന്ദ്രം.
- സമ്പർക്ക ക്ലാസ്സുകളുടെ സംഘാടനത്തിനു മാത്രമായി ആവശ്യമെങ്കിൽ ഒരുകേന്ദ്രം സ്കോൾ-കേരള നിശ്ചയിച്ച് നൽകുന്നതായിരിക്കും
- സമ്പർക്ക ക്ലാസ്സുകളുടെ സംഘാടനം സംബന്ധിച്ച തീരുമാനങ്ങൾ സ്കോൾ കേരളയിൽ നിക്ഷിപ്തമായിരിക്കും.
- വിദ്യാർഥികൾക്ക് ഓരോ വർഷവും സി.സി.ഇ.യുടെ ഭാഗമായി 30 മണിക്കൂർ വീതം സമ്പർക്ക ക്ലാസുകൾ നൽകും. രണ്ടാം വർഷം 30 മണിക്കൂർ തിയറി ക്ലാസുകൾക്ക് പുറമെ 20 മണിക്കൂർ പ്രാക്ടിക്കൽ ക്ലാസും നൽകും എന്നാൽ കോഴ്സിന് ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന് അനുസൃതമായി സമ്പർക്ക ക്ലാസ്സുകളുടെ സമയ ദൈർഘ്യത്തിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം സ്കോൾ-കേരളയിൽ നിക്ഷിപ്തമായിരിക്കും.
- സമ്പർക്കക്ലാസുകളിൽ 100 ശതമാനം ഹാജർ നിർബന്ധമാണ്.
- റെഗുലർ മാത്തമാറ്റിക്സ് വിദ്യാർഥികൾക്ക് നൽകുന്ന സി.സി.ഇ. മാനദണ്ഡങ്ങൾ അഡീഷണൽ മാത്തമാറ്റിക്സ് തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്കും ബാധകമായിരിക്കും.
- അഡീഷണൽ മാത്തമാറ്റിക്സ് പരീക്ഷ നടത്തിപ്പിന്റെയും മാർക്ക് ലിസ്റ്റ് വിതരണത്തിന്റെയും അധികാരം ബോർഡ് ഓഫ് ഹയർസെക്കൻഡറി എക്സാമിനേഷൻ കേരള-യിൽ നിക്ഷിപ്തമായിരിക്കും.
- ഒന്നാംവർഷ അഡീഷണൽ മാത്തമാറ്റിക്സ് രജിസ്റ്റർ ചെയ്ത് സി.സി.ഇ. ക്ലാസിൽ പങ്കെടുക്കുകയും, സി.സി.ഇ. രേഖകൾ സമർപ്പിച്ച് ഒന്നാം വർഷ ഹയർസെക്കണ്ടറി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത്, പരീക്ഷ എഴുതിയ വിദ്യാർഥികളാണ് രണ്ടാം വർഷ അഡീഷണൽ മാത്തമാറ്റിക്സ് പരീക്ഷ എഴുതുവാൻ യോഗ്യരായവർ.
- അഡീഷണൽ മാത്തമാറ്റിക്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഒന്നും രണ്ടും വർഷം തിയറിക്ക് 500/- രൂപ വീതം പരീക്ഷ ഫീസും, സർട്ടിഫിക്കറ്റ് ഫീസ് 40/- രൂപയും രണ്ടാം വർഷത്തെ പ്രായോഗിക പരീക്ഷയ്ക്ക് 250/- രൂപയും റഗുലർ വിഷയങ്ങളുടെ ഫീസിന് പുറമേ ഒടുക്കേണ്ടതാണ്.
- ടി വിദ്യാർത്ഥികളുടെ റഗുലർ കോഴ്സ് സ്കോർ 1200 നും അഡീഷണൽ മാത്തമാറ്റിക്സിന്റെ സ്കോർ 200 ലും ആയിരിക്കും. അഡീഷണൽ

മാത്തമാറ്റിക്സിന് പ്രത്യേകം സർട്ടിഫിക്കറ്റ് ആയിരിക്കും നൽകുക. ടി സർട്ടിഫിക്കറ്റ് റഗുലർ കോഴ്സ് സർട്ടിഫിക്കറ്റുമായി കമ്പൈൻ ചെയ്ത് നൽകുന്നതല്ല.

- അഡീഷണൽ മാത്തമാറ്റിസിന് ഇംപ്രൂവ്മെന്റ്, സേ/ഇംപ്രൂവ്മെന്റ്, കമ്പാർട്ട്മെന്റൽ പരീക്ഷകൾ ഉണ്ടായിരിക്കുന്നതല്ല
- അഡീഷണൽ മാത്തമാറ്റിക്സ് വിഷയത്തിനോടൊപ്പം ഗ്രേസ് മാർക്ക് അനുവദിക്കുന്നതല്ല.
- ടി വിദ്യാർത്ഥികളുടെ ഒന്നും രണ്ടും വർഷ പരീക്ഷ രജിസ്ട്രേഷൻ ക്യാൻസലേഷൻ നടത്തിയ അഡീഷണൽ മാത്തമാറ്റിക്സിന്റെ പരീക്ഷ രജിസ്ട്രേഷനും റദ്ദാകുന്നതാണ്.
- അഡീഷണൽ മാത്തമാറ്റിക്സിന് പ്രത്യേകം ഹാൾ ടിക്കറ്റായിരിക്കും നൽകുക

## അപേക്ഷ അയയ്ക്കേണ്ട വിലാസം

സ്കോൾ-കേരളയുടെ ബന്ധപ്പെട്ട ജില്ലാ കേന്ദ്രങ്ങളിൽ നിശ്ചിത സമയപരിധിക്കകം നേരിട്ടോ, രജിസ്ട്രേഡ്/സ്പീഡ് തപാൽ മാർഗമോ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ജില്ലാകേന്ദ്രങ്ങളുടെ പട്ടിക **അനുബന്ധം (4) ആയി** ചേർക്കുന്നു.

## തിരിച്ചറിയൽ കാർഡ്

- രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ ശേഷം പഠന/പരീക്ഷകേന്ദ്രങ്ങൾ അനുവദിച്ച്, തിരിച്ചറിയൽ കാർഡ് നൽകും. രജിസ്ട്രേഷൻ സമയത്ത് വിദ്യാർത്ഥികൾക്ക് ലഭിച്ച യൂസർ ഐ ഡി, പാസ്വേഡ് എന്നിവ ഉപയോഗിച്ച് തിരിച്ചറിയൽ കാർഡിന്റെ പ്രിന്റ് എടുത്ത് ബന്ധപ്പെട്ട പഠന/പരീക്ഷ കേന്ദ്രം കോഡിനേറ്റിംഗ് ടീച്ചർ മുമ്പാകെ ഹാജരാക്കി മേലൊപ്പ് പതിക്കേണ്ടതാണ്. സമ്പർക്ക ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്.

## സമ്പർക്കക്ലാസ്

സ്കോൾ-കേരള അനുവദിക്കുന്ന പഠന/പരീക്ഷകേന്ദ്രത്തിൽ അവധി ദിവസങ്ങളിൽ സംഘടിപ്പിക്കുന്ന സമ്പർക്ക ക്ലാസുകളിൽ വിദ്യാർഥികൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. സ്വയം പഠന സഹായികൾ ഉപയോഗിച്ചുള്ള പഠനത്തിൽ വിദ്യാർഥികൾക്കുണ്ടായേക്കാവുന്ന സംശയങ്ങളുടെ നിവാരണമാണ് സമ്പർക്ക ക്ലാസുകളുടെ ലക്ഷ്യം. പഠന/പരീക്ഷകേന്ദ്രത്തിലെ പ്രിൻസിപ്പാൾ , കോഡിനേറ്റിംഗ് ടീച്ചർ എന്നിവരാണ് സമ്പർക്ക ക്ലാസുകളുടെ മേൽനോട്ടം വഹിക്കുന്നത്. ഹയർസെക്കണ്ടറി

സ്കൂൾ അധ്യാപകരും തത്തുല്യ യോഗ്യതയുള്ളവരുമായിരിക്കും സമ്പർക്ക ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്.

- ഒരു ബാച്ചിൽ കുറഞ്ഞത് 35 വിദ്യാർത്ഥികളെയും പരമാവധി 60 വിദ്യാർത്ഥികളെയും (10 മാർജിനൽ) ഉൾപ്പെടുത്തി ക്ലാസ് സംഘടിപ്പിക്കും.
- ഒരു ബാച്ചിൽ പരമാവധി 72 വിദ്യാർത്ഥികളും 73-132 വരെ രണ്ടാം ബാച്ചിലും 133 - 193 വരെ മൂന്നാം ബാച്ചിലും ഉൾപ്പെടുത്തും. ഒന്നിൽ കൂടുതൽ ബാച്ചുകൾ അനുവദിക്കേണ്ട സന്ദർഭത്തിൽ വിദ്യാർത്ഥികളെ ഒരുമിച്ച് ഇരുത്തി ക്ലാസ് എടുക്കുന്നത് നിർബന്ധമായും ഒഴിവാക്കും.
- രണ്ടാമത്തെ ബാച്ചിലെ വിദ്യാർത്ഥികളുടെ എണ്ണം നാൽപ്പതോ അതിൽ താഴെയോ ആണെങ്കിൽ ഒന്നും രണ്ടും ബാച്ചുകളിലെ വിദ്യാർത്ഥികളുടെ ആകെ എണ്ണത്തിനെ നിർബന്ധമായും രണ്ട് തുല്യ ബാച്ചുകളായി തിരിച്ച് ക്ലാസ് സംഘടിപ്പിക്കും.
- 73 മുതൽ 100 വരെ വിദ്യാർത്ഥികൾ രണ്ടാം ബാച്ചിൽ ഉണ്ടെങ്കിൽ ഒന്നും രണ്ടും ബാച്ചുകളെ രണ്ട് തുല്യ ബാച്ചുകളായി തിരിച്ച് ക്ലാസ് സംഘടിപ്പിക്കും.
- പ്രാക്ടിക്കൽ ക്ലാസുകളിൽ ഒരു ബാച്ചിൽ പരമാവധി 30 വിദ്യാർത്ഥികളെ മാത്രമ ഉൾപ്പെടുത്തുകയുള്ളൂ. (5 മാർജിനൽ)
- ഒരു സെന്ററിൽ നിർദ്ദിഷ്ട എണ്ണത്തിൽ കുറവ് വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ഒന്നും രണ്ടും വർഷത്തിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് 20 മണിക്കൂർ വീതം തിയറിയും രണ്ടാം വർഷം 15 മണിക്കൂർ പ്രാക്ടിക്കലും ലഭ്യമാക്കുന്നതാണ്.
- സമ്പർക്ക ക്ലാസ്സ് ആരംഭിക്കുന്ന വിവരം പത്രമാധ്യമങ്ങൾ വഴി അറിയിക്കും.

**ഒന്നും രണ്ടും വർഷ പൊതുപരീക്ഷ**

ബോർഡ് ഓഫ് ഹയർസെക്കൻഡറി എക്സാമിനേഷൻ- കേരള യഥാസമയം പരീക്ഷാനോട്ടിഫിക്കേഷൻ പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തും. അതിനു ശേഷം വിദ്യാർഥികൾ നിർദ്ദിഷ്ട അപേക്ഷാഫാറവും നിശ്ചിത പരീക്ഷാഫീസും ബന്ധപ്പെട്ട പരീക്ഷകേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്. ഹയർസെക്കൻഡറി അഡീഷണൽ മാത്തമാറ്റിക്സിന്റെ ഒന്നുംരണ്ടും വർഷ പൊതു പരീക്ഷകളുടെ നടത്തിപ്പ്,സർട്ടിഫിക്കറ്റ് വിതരണം തുടങ്ങിയവ റെഗുലർ സ്കൂൾ വിദ്യാർഥികൾക്കൊപ്പം ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് നേരിട്ടു നടത്തുന്നതാണ്.

..............................

**അനുബന്ധം 1**

"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - കേരള സംസ്ഥാന ഹയർ സെക്കൻഡറി ബോർഡിനു കീഴിൽ ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് [illegible] വിധേയമായി സ്കോൾ-കേരള മുഖേന അഡീഷണലായി മാത്തമാറ്റിക്സ് വിഷയം മാത്രം രജിസ്റ്റർ ചെയ്ത് രണ്ടു വർഷം പഠിച്ച് ഹയർ സെക്കൻഡറി പരീക്ഷ എഴുതുന്നതിനുള്ള അവസരം ഒരുക്കുന്നതിനുള്ള അനുമതി സ്കോൾ കേരളയ്ക്ക് നൽകിയും കരട് പദ്ധതി രേഖ അംഗീകരിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (പി) വകുപ്പ്

സ.ഉ.(സാധാ) നം.1700/2025/GEDN തീയതി,തിരുവനന്തപുരം, 01-03-2025

---

പരാമർശം:- 1. 11/06/2024 ന് എസ്.സി.ഇ.ആർ.ടി. - യിൽ വച്ച് നടന്ന കരിക്കുലം കമ്മിറ്റിയുടെ മിനിറ്റ്സ്.

2. സ്കോൾ കേരള സെക്രട്ടറിയുടെ 12/05/2024 ലെ എ4/3783/2024/സ്കോൾ-കേരള.

<u>ഉത്തരവ്</u>

കേരള സംസ്ഥാന ഹയർ സെക്കൻഡറി ബോർഡിനു കീഴിൽ ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്തമാറ്റിക്സ് ഒരു ഐച്ഛിക വിഷയമല്ലാത്തതിനാൽ CUET, CAT ഉൾപ്പെടെയുള്ള മത്സര പരീക്ഷകൾക്ക് അപേക്ഷിക്കുവാനും പങ്കെടുക്കുവാനും അവസരം ലഭിക്കാതിരിക്കുകയാണ്. ആയതിനാൽ ഹയർ സെക്കൻഡറി കോഴ്സിന് കൊമേഴ്സ്, ഹ്യുമാനിറ്റീസ് ഗ്രൂപ്പിൽ ഇക്കണോമിക്സ് ഒരു വിഷയമായി പഠിക്കുന്ന റെഗുലർ സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കോൾ കേരള മുഖേന അധികമായി മാത്തമാറ്റിക്സ് പഠിച്ച് ഹയർ സെക്കൻഡറി പരീക്ഷ എഴുതുന്നതിനുള്ള അവസരം ഒരുക്കുന്നതിന നടത്തിപ്പിനും അനുബന്ധമായി തയ്യാറാക്കിയിട്ടുള്ള പദ്ധതി രേഖയും അംഗീകരിച്ച്

ഉത്തരവാകണമെന്ന് ആവശ്യപ്പെട്ട് സ്കോൾ കേരള സെക്രട്ടറി പരാമർശം (2) പ്രകാരം കത്ത് നൽകിയിരുന്നു. 11/06/2024 ന് എസ്.സി.ഇ.ആർ.ടി. - യിൽ വച്ച് നടന്ന കരിക്കുലം കമ്മിറ്റിയുടെ മീറ്റിംഗും വ്യക്തമാക്കിയിരുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഹയർ സെക്കന്ററി ബോർഡിന്റെ കീഴിൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഉപവിഷയമായിട്ട് ഒരു വിഷയമായിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി സ്കോൾ-കേരള മുഖേന അഡീഷണലായി മാത്തമാറ്റിക്സ് വിഷയം മാത്രം രജിസ്റ്റർ ചെയ്ത് രണ്ട് വർഷം പഠിച്ച് ഹയർ സെക്കന്ററി പരീക്ഷ എഴുതുന്നതിനുള്ള അവസരം ഒരുക്കുന്നതിനുള്ള അനുമതി സ്കോൾ കേരളയ്ക്ക് നൽകിയും ഇതിനു വേണ്ടി തയ്യാറാക്കിയ, അനുബന്ധമായി ചേർത്തിരിക്കുന്ന പദ്ധതി രേഖ അംഗീകരിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സിനി .ജെ .ഷുക്കൂർ

അഡീഷണൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ കേരള, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി(എ3/280/2024-പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

Signed by
J Vijayanath
സെക്ഷൻ ഓഫീസർ
Date: 01-03-2025 15:43:24

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് -ഹയർ സെക്കൻഡറി റഗുലർ പരീക്ഷ എഴുതുന്ന മാത്തമാറ്റിക്സ് ഇല്ലാത്ത റഗുലർ കോമ്പിനേഷനിലെ വിദ്യാർത്ഥികൾക്ക് അഡീഷണൽ മാത്സ് കോമേഴ്സ് വഴി രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച 01/03/2025 - ലെ സ.ഉ.(സാധാ) നം.1708/2025/പൊ.വി.വ. - ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ(പി) വകുപ്പ്

സ.ഉ.(സാധാ) നം.7080/2025/GEDN തീയതി,തിരുവനന്തപുരം, 29-09-2025

---

പരാമർശം- 1. 01/03/2025 - ലെ സ.ഉ.(സാധാ) നം.1708/2025/പൊ.വി.വ

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12/09/2025 ലെ എച്ച്.എസ്.ഇ.1/122/6/2025-എക്സാം.I-1 നമ്പർ കത്ത്

<u>ഉത്തരവ്</u>

കേരള സംസ്ഥാന ഹയർ സെക്കൻഡറി ബോർഡിന്റെ കീഴിൽ ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി സ്കോൾ-കേരള മുഖേന അഡീഷണലായി മാത്തമാറ്റിക്സ് വിഷയം മാത്രം രജിസ്റ്റർ ചെയ്ത് രണ്ട് വർഷം പഠിച്ച് ഹയർ സെക്കൻഡറി പരീക്ഷ എഴുതുന്നതിനുള്ള അവസരം ലഭ്യമാക്കുന്നതിനുള്ള അനുമതി സ്കോൾ കേരളയ്ക്ക് നൽകിയും അതിന് വേണ്ടി തയ്യാറാക്കിയ, പദ്ധതി രേഖ അംഗീകരിച്ചും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഹയർ സെക്കൻഡറി പരീക്ഷയ്ക്ക് റഗുലർ ആയി പരീക്ഷ എഴുതുന്നത് കൂടാതെ അഡീഷണൽ മാത്സ് കോമേഴ്സ് വിഷയം കൂടി സ്കോൾ കേരള വഴി രജിസ്റ്റർ ചെയ്ത് പരീക്ഷ നടത്തുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും പാലിക്കേണ്ട നടപടിക്രമങ്ങളുമുണ്ടെന്നും ആയത് മേൽ ഉത്തരവിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ അതു സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സമക്ഷത്തിൽ ഹയർ

സെക്കൻഡറി അക്കാദമിക് ജോയിന്റ് ഡയറക്ടർ, NIC പ്രതിനിധികൾ, സ്കോൾ കേരള പ്രതിനിധികൾ, പരീക്ഷാ ജോയിന്റ് ഡയറക്ടർ, സിസ്റ്റം മാനേജർ എന്നിവർ വിശദമായി ചർച്ച ചെയ്യുകയും അത് പരിഗണിക്കാവുന്നതാണെന്നും ഇതിനായി സ്വീകരിക്കേണ്ടതായ നടപടികൾ സംബന്ധിച്ച വിദ്യാലയങ്ങളുടെ അഭിപ്രായം പരാമർശം (2) പ്രകാരം ലഭ്യമായിട്ടുള്ളതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട 03/09/2025 ൽ നടന്ന മീറ്റിംഗിന്റെ മിനിറ്റ്സും ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഹയർ സെക്കൻഡറി മേഖലയിൽ കീഴിൽ ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി സ്കോൾ-കേരള മുഖേന അപ്ലൈഡ് മാത്തമാറ്റിക്സ് വിഷയം മാത്രം രജിസ്റ്റർ ചെയ്ത് രണ്ട് വർഷം പഠിച്ച് ഹയർ സെക്കൻഡറി പരീക്ഷ എഴുതുന്നതിനും അനുമതി നൽകി പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിൽ താഴെ പറയുന്ന നിബന്ധനകൾ കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തി ഉത്തരവാകുന്നു.

1. അപ്ലൈഡ് മാത്സിന് രജിസ്റ്റർ ചെയ്യപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഇൻസ്ട്രക്ഷൻ നിലവിൽ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ തന്നെ നൽകുന്നതാണ്.

2. രജിസ്റ്റർ ചെയ്യപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രായോഗിക പരീക്ഷ നടത്തുന്നതിന് സ്വന്തം സ്കൂളിൽ ലാബ് സൗകര്യം ഇല്ലാത്ത പക്ഷം പരീക്ഷാ സെക്രട്ടറി നിശ്ചയിക്കുന്ന പരീക്ഷാ കേന്ദ്രത്തിലായിരിക്കും പ്രായോഗിക പരീക്ഷ നടത്തുന്നത്.

3. അപ്ലൈഡ് മാത്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഒന്നും രണ്ടും വർഷത്തിന് യഥാക്രമം തിയറിക്ക് 500/- രൂപ പരീക്ഷാ ഫീസും സർട്ടിഫിക്കറ്റ് ഫീസ് 40/- രൂപയും കൂടാതെ രണ്ടാം വർഷത്തെ പ്രായോഗിക പരീക്ഷക്ക് 250/- രൂപയും റഗുലർ വിഷയങ്ങളുടെ ഫീസിന് പുറമേ നിശ്ചയിക്കുന്നു. (പ്രാക്ടിക്കൽ നടത്തിപ്പ്, ഹാൾ ടിക്കറ്റ്, ലാബ് ഉപയോഗം, തിയറി, പ്രാക്ടിക്കൽ പിന്നീട് എന്നിവർക്ക് കൂടുതൽ ഫണ്ട് നൽകേണ്ടതിനാൽ ആണിത്).

4. ടി വിദ്യാർത്ഥികളുടെ റഗുലർ കോഴ്സ് സ്കോർ 1200 - ഉം അപ്ലൈഡ് മാത്സിന്റെ സ്കോർ 200 - ഉം ആയിരിക്കും. അപ്ലൈഡ് മാത്സിന് പ്രത്യേകം സർട്ടിഫിക്കറ്റായിരിക്കും നൽകുക. ടി സർട്ടിഫിക്കറ്റ് റഗുലർ കോഴ്സ് സർട്ടിഫിക്കറ്റുമായിട്ട് കമ്പയിൻ ചെയ്ത് നൽകുന്നതല്ല.

5. അപ്ലൈഡ് മാത്സിന് സപ്ലിമെന്ററി, SAY/ഇംപ്രൂവ്മെന്റ്, കമ്പാർട്ട്മെന്റൽ പരീക്ഷകൾ ഉണ്ടായിരിക്കുന്നതല്ല.

6. അപ്ലൈഡ് മാത്സ് വിജയത്തിനോടൊപ്പം ഗ്രേസ് മാർക്ക് അനുവദിക്കുന്നതല്ല.

7. ടി വിദ്യാർത്ഥികളുടെ ഒന്നാം രണ്ടാം വർഷ പരീക്ഷ രജിസ്ട്രേഷൻ ക്യാൻസലേഷൻ നടത്തിയാൽ അഡീഷണൽ മാർക്കിന്റെ പരിഗണന നഷ്ടപ്പെടുന്നതും ബാധകമാകുന്നതാണ്.

8. അഡീഷണൽ മാർക്കിന് പ്രത്യേകം കോളം ടിക്കറ്റായിരിക്കും നൽകുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K J SALINI

അഡീഷണൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കൻഡറി വിഭാഗം), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, സ്പോർട്സ് കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി(പി3/184/2025-പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## HSS Additional Maths Study Centres

| | |
|---|---|
| **Thiruvananthapuram** | |
| 1 | Govt. Boys HSS Thycaud (1023) |
| | Govt Tamil HSS Chala (1044) |
| | Govt. Medical College Kumarapuram (1007) |
| **Kollam** | |
| | Govt. GHSS & VHSS Karunagapally |
| | GHSS Anchalummoodu (2018) |
| | Govt. Model Boys HSS Thevally (2004) |
| **Pathanamthitta** | |
| | Govt Boys HSS Adoor (03001) |
| | KSGHSS Kadapra (03005) |
| | Govt. HSS Ezhumattoor (03003) |
| **Alappuzha** | |
| | VRVM HSS Vayalar (4090) |
| | Govt. Model HSS Ambalappuzha (4002) |
| | Govt. Girls HSS Kayam kulam (4024) |
| **Kottayam** | |
| | GHSS Karappuzha (5003) |
| | GVHSS Ponkunnam (5026) |
| | GHSS for Boys Vaikom (5013) |
| **Idukki** | |
| | GHSS Kallar (6003) |
| | Govt. Tribal HSS Poomala (06008) |
| | Dr. APJ Abdul Kalam GHSS Thodupuzha |
| **Ernakulam** | |
| | Govt. HSS Elamkunnapuzha (7004) |
| | Govt. HSS Chengamanadu (7029) |
| | Govt. Model HSS Moovattupuzha (7168) |

| | |
|---|---|
| **Thrissur** | |
| | GHSS Punkunnam (8138) |
| | GMHSS Irinjalakuda (8003) |
| | Govt. Model BHSS Thrissur (8012) |
| **Palakkad** | |
| | Govt Moyan Model Girls HSS Palakkad (9009) |
| | GHSS Pathiripala (9034) |
| | GHSS Alanallur (9078) |
| **Malappuram** | |
| | GMHSS Perinthalmanna (110030 |
| | GGHSS Malappuram (11001) |
| | GBHSS Tirur (11003) |
| **kozhikkode** | |
| | GVHSS Kuttichira (10098) |
| | GHSS Narikkuni (10099) |
| | GGHSS Madapally (10096) |
| **Wayanad** | |
| | GHSS Meenangadi (12002) |
| | GHSS Kaniyampatta (12001) |
| | Govt. Servajana HSS Sulthan Bathery (12052) |
| **Kannur** | |
| | GHSS Chavassery (13001) |
| | GHSS Kalliassery (13005) |
| | AKG Smaraka HSS Peralassery (13012) |
| **Kasargode** | |
| | GHSS Kuttamath (14011) |
| | GHSS Benkara Manjeswaram (14033) |
| | GHSS Pilicode (14006) |

**അനുബന്ധം 4**

## സ്കോൾ – കേരള, സംസ്ഥാന ഓഫീസ്

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം – 12
ഫോൺ : 0471 2342271, 2342369, 2342950
E-mail: scolekerala@gmail.com

| | |
|---|---|
| **തിരുവനന്തപുരം**<br>**ജില്ലാ കോ-ഓർഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവൺമെന്റ് മെഡിക്കൽ കോളേജ് എച്ച്.എസ്.എസ്<br>കുമാരപുരം,<br>തിരുവനന്തപുരം – 695011<br>ഫോൺ: 0471 – 2572990<br>email: ksos.dctvm@gmail.com | **തൃശൂർ**<br>**ജില്ലാ കോ-ഓർഡിനേറ്റർ ഇൻ-ചാർജ്ജ്**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം, ഗവ:മോഡൽ<br>വൊക്കേഷണൽ ജി. എച്ച്.എസ്.എസ്.<br>പാലസ് റോഡ്, തൃശൂർ – 680020<br>ഫോൺ: 0487 – 2322559<br>email:ksos.dctcr@gmail.com |
| **കൊല്ലം**<br>**ജില്ലാ കോ-ഓർഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ: മോഡൽ ബോയിസ് എച്ച്.എസ്.എസ്. തേവള്ളി<br>കൊല്ലം – 691009<br>ഫോൺ: 0474 – 2798982<br>email: ksos.dcklm@gmail.com | **പാലക്കാട്**<br>**ജില്ലാ കോ-ഓർഡിനേറ്റർ ഇൻ-ചാർജ്ജ്**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ജി.യു.പി.എസ്, പുത്തൂർ<br>പാലക്കാട് – 678005<br>ഫോൺ: 0491– 2536846<br>email:ksos.dcpkd@gmail.com |
| **പത്തനംതിട്ട**<br>**ജില്ലാ കോ-ഓർഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ. എച്ച്.എസ്.എസ് &<br>വി.എച്ച്.എസ്.എസ് പത്തനംതിട്ട – 689645<br>ഫോൺ: 0468 – 2325499<br>email: ksos.dcpta@gmail.com | **മലപ്പുറം**<br>**ജില്ലാ കോ-ഓർഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>മലബാർ റീജിയണൽ കേന്ദ്രം<br>സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, മലപ്പുറം – 676505<br>ഫോൺ: 0483– 2734295<br>email:ksosmromlp@gmail.com |
| **ആലപ്പുഴ**<br>**ജില്ലാ കോ-ഓർഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>കെ.കെ. കുഞ്ചുപിള്ള മെമ്മോറിയൽ എച്ച്.എസ്.എസ്<br>അമ്പലപ്പുഴ പി.ഒ.<br>ആലപ്പുഴ – 688561 ഫോൺ: 0477 – 2272040<br>email: scoledcalp@gmail.com | **കോഴിക്കോട്**<br>**ജില്ലാ കോ-ഓർഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ: മോഡൽ എച്ച്.എസ്.എസ്<br>കോഴിക്കോട് – 673001<br>ഫോൺ: 0495– 2723663<br>email:scoledckkd@gmail.com |
| **കോട്ടയം**<br>**ജില്ലാ കോ-ഓർഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ: എച്ച്.എസ്.എസ്. കാരാപ്പുഴ<br>കോട്ടയം – 686003<br>ഫോൺ: 0481 – 2300443<br>email: ksos.dcktm@gmail.com | **വയനാട്**<br>**ജില്ലാ കോ-ഓർഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ: എച്ച്.എസ്.എസ്, മീനങ്ങാടി<br>വയനാട് – 673591<br>ഫോൺ: 04936– 248722<br>email: ksos.dcwyd@gmail.com |
| **ഇടുക്കി**<br>**ജില്ലാ കോ-ഓർഡിനേറ്റർ ഇൻചാർജ്ജ്**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ജി.ജി.എച്ച്.എസ്.എസ്.തൊടുപുഴ<br>ഇടുക്കി – 685584<br>ഫോൺ: 0486 – 2225243<br>email: ksos.dcidk@gmail.com | **കണ്ണൂർ**<br>**ജില്ലാ കോ-ഓർഡിനേറ്റർ ഇൻ-ചാർജ്ജ്**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ. മുനിസിപ്പൽ വി.എച്ച്എസ്.എസ്. (സ്പോർട്ട്സ്)<br>കണ്ണൂർ – 670002<br>ഫോൺ: 0497–2702706<br>email: ksos.dcknr@gmail.com |
| **എറണാകുളം**<br>**ജില്ലാ കോ-ഓർഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ: എസ്.ആർ.വി. എൽ.പി. സ്കൂൾ ക്യാമ്പസ്<br>സൗത്ത് എറണാകുളം 682011<br>ഫോൺ: 0484 – 2377537<br>email:ksos.dcekm@gmail.com | **കാസർഗോഡ്**<br>**ജില്ലാ കോ-ഓർഡിനേറ്റർ ഇൻ-ചാർജ്ജ്**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ജി.എം.വി. എച്ച്.എസ്.എസ്, തളങ്കര<br>കാസർഗോഡ് – 671122<br>ഫോൺ: 04994 – 226460<br>email: ksos.dcksd@gmail.com |